പ്രാപ്തമാക്കിയിട്ടുണ്ട്. 6 പോളിടെക്നിക് കോളേജുകളിൽ ASAP-ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും KSUM-ന്റെ സഹായത്തോടെയും മിനി ഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

അസാപ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ

23 (*263) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരുടെ തൊഴിൽ ശേഷി വർദ്ധിപ്പിക്കുന്നതിനും അവരെ ഡിജിറ്റൽ ഇക്കോണമിയുടെ ഭാഗമാക്കുന്നതിനും അസാപ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്തെ അഭ്യസ്തവിദ്യരുടെ തൊഴിൽശേഷി വർദ്ധിപ്പിക്കുന്നതിനും അവരെ ഡിജിറ്റൽ ഇക്കോണമിയുടെ ഭാഗമാക്കുന്നതിനും അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള മുഖാന്തരം അനവധി നൂതന കോഴ്സുകൾ ലഭ്യമാക്കുന്നു. ഈ കോഴ്സുകൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാണ്. ആമസോൺ വെബ് സർവീസ് അക്കാഡമി ക്ലൗഡ് ഫൗണ്ടേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, ഫുൾ സ്റ്റാക്ക് ഡെവലപ്പർ മുതലായ നൂതന വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ കോഴ്സുകൾ ഇത്തരത്തിൽ ലഭ്യമാണ്. പ്രമുഖ ഇൻഡസ്ട്രികളുടെ പങ്കാളിത്തത്തോടുകൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾ പഠിതാക്കളെ ഇൻഡസ്ട്രി നിലവാരത്തിലേയ്ക്കുയർത്തി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ സഹായിക്കുന്നവയാണ്. കോഴ്സുകളുടെ പേര് അനുബന്ധമായി ചേർക്കുന്നു*.

(ബി) അസാപ് കമ്പനിയാക്കി മാറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അതുവഴി ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

അസാപ്-നെ 22 ജനുവരി 2021-ൽ കമ്പനീസ് ആക്ട് 2013-ലെ സെക്ഷൻ 8 പ്രകാരം അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (അസാപ് കേരള) എന്ന പേരിൽ കമ്പനിയായി രജിസ്റ്റർ ചെയ്തു. സംസ്ഥാനത്തെ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മയുടെ പ്രതിസന്ധി മറികടക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുത്തു നടപ്പിലാക്കുകയാണ് അസാപ് കേരള. വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുക വഴി പുതിയ തലമുറയുടെ തൊഴിൽക്ഷമത ഉറപ്പാക്കി, അതുവഴി തൊഴിലില്ലായ്മ എന്ന സാമൂഹിക പ്രശ്നം ഫലപ്രദമായി പരിഹരിക്കുക എന്നതാണ് അസാപ് കേരള എന്ന കമ്പനിയുടെ മുഖ്യലക്ഷ്യം. രാജ്യത്തെ പ്രമുഖ വ്യവസായ/പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് പുതിയ തൊഴിൽ മേഖലകൾ ക്കാവശ്യമായ വിവിധ പരിശീലന പദ്ധതികൾ, ഇംഗ്ലീഷ് ഭാഷ പരിശീലനം, മറ്റിതര വിദേശ ഭാഷ പരിശീലനം എന്നിവ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ അസാപ്പിന്റെ ഇന്റേൺഷിപ്/പ്ലേസ്മെന്റ് പോർട്ടൽവഴി യോഗ്യരായ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യതയ്ക്കുള്ള സഹായവും ചെയ്തുവരുന്നു.

(സി) അധിക വൈദഗ്ധ്യം ആർജ്ജിക്കുന്ന പദ്ധതി പ്രാവർത്തികമാക്കുന്നതിന് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; പദ്ധതിയുടെ നിക്ഷേപ പ്രയോജനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉണ്ട്. സ്കൂൾ, കോളേജുകളിലായി 121 സെന്ററുകളും (17 എണ്ണം സർക്കാർ കോളേജുകളിലും 104 എണ്ണം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും) 99 എഞ്ചിനീയറിംഗ് കോളേജുകൾ, 45 പോളിടെക്നിക്കുകൾ എന്നിവിടങ്ങളിലെ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകളും പൊതുജനങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനായി 9 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും അസാപ് കേരള സ്ഥാപിച്ചിട്ടുണ്ട്. 7 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ പുരോഗമിച്ചുവരുന്നു. 45 ഗവൺമെന്റ് പോളിടെക്നിക്കുകളിലെ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിൽ, ആറര കോടിയോളം രൂപ ചെലവിൽ CNC ലെയ്ത്ത്, 3D പ്രിന്റർ, ടോട്ടൽ സ്റ്റേഷൻ, ടിഗ് മിഗ് വെൽഡിംഗ്, ഫാബ് ലാബ്, റോബോട്ടിക് കിറ്റ് തുടങ്ങിയ നൂതന സാങ്കേതിക ഉപകരണങ്ങളടങ്ങിയ വ്യാവസായിക ലാബുകൾ തയ്യാറാക്കി ഇൻഡസ്ട്രി ഓൺ ക്യാമ്പസ് എന്ന പദ്ധതി ഈ വർഷം ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. അസാപ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ വഴി 145 കോഴ്സുകളിലൂടെ രണ്ട് ലക്ഷത്തിലധികം വിദ്യാർത്ഥികൾ പരിശീലനം നേടിക്കഴിഞ്ഞു. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾവഴി പൊതുസമൂഹത്തിനും നൈപുണ്യ വികസനത്തിനുള്ള അവസരം നൽകിക്കഴിഞ്ഞു. അസാപ് പരിശീലനം നേടിയ രണ്ട് ലക്ഷത്തിലധികം വിദ്യാർത്ഥികളിൽ Neilson India മുഖാന്തരം നടത്തിയ പഠന റിപ്പോർട്ട് പ്രകാരം, നൈപുണ്യ വികസനം നേടാനും ആത്മവിശ്വാസവും തൊഴിൽ വൈദഗ്ധ്യവും മെച്ചപ്പെടുത്തുവാനും അസാപ് പരിശീലനംവഴി സാധിച്ചു എന്ന് കാണുന്നു. പഠനത്തിന്റെ ഭാഗമായി അറുപതോളം തൊഴിൽദാതാക്കളുടെ അഭിപ്രായം എടുത്തതിൽ ഭൂരിപക്ഷംപേരും അസാപ് വിദ്യാർത്ഥികളുടെ തൊഴിലിടത്തിലെ സാങ്കേതിക പരിജ്ഞാനത്തിലും നേതൃപാടവത്തിലും സംതൃപ്തി രേഖപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗവേഷണം

24 (*264) ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗവേഷണ വികസന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

&

(ബി) സർവ്വകലാശാലകളിൽ ഗവേഷണ വിദ്യാർത്ഥികൾക്ക് എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ?

(എ&ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളും/സംരംഭങ്ങളും ചുവടെ ചേർക്കുന്നു :

I. കൈരളി ഗവേഷണ പുരസ്കാരങ്ങൾ:

ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ. പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കൈരളി ഗവേഷക പുരസ്കാരം, റിസർച്ച് ഫാക്കൽറ്റിക്ക് നൽകുന്ന കൈരളി ഗവേഷണ പുരസ്കാരം, പ്രമുഖ ശാസ്ത്രജ്ഞർക്ക് സമഗ്ര സംഭാവനയ്ക്ക് നൽകുന്ന കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ് എന്നിവയാണ് കൈരളി ഗവേഷണ അവാർഡ് ശ്രേണിയിൽ ഉൾപ്പെടുന്ന പുരസ്കാരങ്ങൾ. അവാർഡുകളുടെ നിർവ്വഹണ ചുമതല കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനാണ്.

1. കേരളത്തിലെ അംഗീകൃത സർവ്വകലാശാലയിൽനിന്ന് ഡോക്ടറൽ ബിരുദം നേടിയ വിദ്യാർത്ഥികൾക്ക് നൂതന ഗവേഷണം തുടരുന്നതിനുള്ള അഞ്ചുലക്ഷം രൂപ വീതം അഞ്ചുവിഷയ മേഖലയിൽ നൽകുന്നു.

2. കേരളത്തിലെ യൂണിവേഴ്സിറ്റികളിലോ കോളേജുകളിലോ ഗവേഷണ മേഖലകളിൽ മികവ് പുലർത്തുന്ന ഫാക്കൽറ്റി അംഗങ്ങൾക്കുള്ള ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ അവാർഡ് നൽകുന്നത്, അവർ സമർപ്പിച്ച പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനുള്ള തുകയായിട്ടാണ്. ഇതും അഞ്ചുവിഷയ മേഖലയിൽ നൽകുന്നു.